കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂരിലെ വിവിധ സാംസ്കാരിക മേളകൾക്ക് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായം അനുവദിയ്ക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2722/2019/ത.സ്വ.ഭ.വ തിരുവനന്തപുരം,
തീയതി, 02/12/2019

പരാമർശം:- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21/10/2019 ലെ കത്ത്.

ഉത്തരവ്

ട്രിച്ചൂർ ആർട് സ് സൊസൈറ്റി(TAS)യുടെ ഇരുപത്തിയഞ്ചാമത്തെ നാടകോത്സവം 2019 ഒക്ടോബർ 20 മുതൽ 31 വരെ തൃശ്ശൂർ ടൗൺ ഹാളിൽ വച്ചും, വിബ്ജിയോർ ചലച്ചിത്ര കൂട്ടായ്മ സംഘടനയുടെ പന്ത്രണ്ടാമത് അന്തർദേശീയ ഹ്രസ്വ ചലച്ചിത്രമേള 2019 നവംബർ 7 മുതൽ 11 വരെ തൃശ്ശൂർ നഗരത്തിലെ വിവിധ പ്രദർശന ഹാളിൽ വച്ചും സംഘടിപ്പിക്കുകയാണെന്നും, മേൽ സാഹചര്യത്തിൽ തൃശ്ശൂരിലെ 25-ാമത് TAS നാടകോത്സവത്തിന് ഒരു ലക്ഷം രൂപയും വിബ്ജിയോർ അന്തർദേശീയ ഹ്രസ്വ ചലച്ചിത്രമേളയ്ക്ക് 50,000/- രൂപയും ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നോ തനത് ഫണ്ടിൽ നിന്നോ അനുവദിക്കണമെന്നാവശ്യപ്പെട്ട് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പരാമർശ പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂരിലെ 25-ാമത് TAS നാടകോത്സവത്തിന് 1,00,000/- രൂപയും (ഒരു ലക്ഷം രൂപ) വിബ്ജിയോർ അന്തർദേശീയ ഹ്രസ്വ ചലച്ചിത്രമേളയ്ക്ക് 50,000/- രൂപയും (അമ്പതിനായിരം രൂപ) ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ ജെ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

സെക്രട്ടറി/പ്രസിഡണ്ട് തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remedi

സെക്ഷൻ ഓഫീസർ